ഓൺ ലൈൻ ലോട്ടറി

23 (1818) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓൺ ലൈൻ ലോട്ടറി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ;

(ബി) എങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ ;

(സി) ഓൺ ലൈൻ ലോട്ടറിക്ക് ബിസിനസ് രംഗത്തുള്ള ഗുണങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ&ബി) ഓൺ ലൈൻ ലോട്ടറി തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ട ചട്ടങ്ങൾ ഉൾക്കൊള്ളുന്ന വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. വിജ്ഞാപനം പുറപ്പെടുവിച്ചശേഷം മാത്രമേ ഓൺ ലൈൻ ലോട്ടറി പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ.

(സി) ഓൺ ലൈൻ ലോട്ടറി സംസ്ഥാനത്ത് നടപ്പിലാക്കിയാൽ ഇപ്പോൾ പ്രചാരത്തിലുള്ള അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള ഓൺ ലൈൻ ലോട്ടറികളുടെ പ്രവർത്തനം മന്ദീഭവിപ്പിക്കാനും തൽഫലമായി സംസ്ഥാനത്തെ റവന്യൂ വരുമാനം ഉയർത്തുവാനും സാധിക്കുന്നതാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം

24 (1819) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. ജെ. ജോയി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ എത്ര ജീവനക്കാർക്ക് ഇതുവരെ കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ട് ;

(ബി) ഏതെല്ലാം കാറ്റഗറിയിൽപ്പെട്ടവർക്കാണ് ഇപ്പോൾ കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നത് ;

(സി) ഇതുവരെ കമ്പ്യൂട്ടർ പരിശീലനം നൽകപ്പെട്ടവരുടെ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ വകുപ്പിൽ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്തെന്ന് പറയുമോ ;

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ടൈപ്പിസ്റ്റ്, സി. എ., ഓഫീസ് സൂപ്രണ്ട് എന്നീ വിഭാഗക്കാരെ "കമ്പ്യൂട്ടർ" പലിശീലനത്തിന് ഇതുവരെ നിയോഗിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് ; അവർക്കു കൂടി ഈ പരിശീലനം നൽകുമോ ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ 76 ജീവനക്കാർക്ക് ഇതുവരെ കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ ഈ വകുപ്പിൽ ആർക്കും കമ്പ്യൂട്ടർ പരിശീലനം നൽകുന്നില്ല.

(സി) ഇതുവരെ കമ്പ്യൂട്ടർ പരിശീലനം നൽകപ്പെട്ടവരുടെ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ജോയിന്റ് ഡയറക്ടർ	2
ഓഡിറ്റ് ഓഫീസർ	18
ഓഡിറ്റർ	50
ഓഫീസ് സൂപ്രണ്ട്	1
സി. എ.	2
ടൈപ്പിസ്റ്റ്	3

(ഡി) വകുപ്പു തലവന്റെ ഓഫീസിലുള്ളവരെ മാത്രമാണ് ഇതുവരെ കമ്പ്യൂട്ടർ പരിശീലനത്തിന് നിയോഗിച്ചിട്ടുള്ളത്. ഓഫീസിന്റെ ദൈനംദിന ജോലി തടസ്സപ്പെടാത്ത തരത്തിലാണ് തെരഞ്ഞെടുക്കുന്നത്.

(ഇ) ടൈപ്പിസ്റ്റ്, സി. എ., ഓഫീസ് സൂപ്രണ്ട് എന്നീ വിഭാഗക്കാരെയും കമ്പ്യൂട്ടർ പരിശീലനത്തിന് നിയോഗിച്ചിട്ടുണ്ട്.

കെ. എസ്. എഫ്. ഇ. യിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാനുള്ള തീരുമാനം

25 (1820) ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. എഫ്. ഇ. യിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly